# Athmaraksha.org

സന്ദേശം : യുവജനങ്ങൾ, മാതാപിതാക്കൾ, കുടുംബജീവിതക്കാർ

## പെൺകുട്ടികളെ ദൈവവിളിക്കനുസൃതമായി വളർത്തണമെന്ന് പാപ്പ



ദൈവത്തിനെതിരായി ഉയർന്നു വരുന്ന പ്രത്യേയശാസ്ത്രങ്ങളും സ്ത്രീകളെ തരംതാഴ്ത്തിക്കാണുന്ന ഇന്നത്തെ ലോകപ്രവണതകളെല്ലാം ഉൾക്കൊണ്ട് സ്ത്രീകളെ അവരുടെ ദൈവവിളിക്കനുസരിച്ച് വിദ്യാഭ്യാസം നൽകുന്നതിൽ കത്തോലിക്കാ സ്ത്രീ സ്കൗട്ട് നേതാക്കൾ ചെയ്യുന്ന പ്രവർത്തനങ്ങളെ ഫ്രാൻസിസ് പാപ്പ അഭിനന്ദിച്ചു.

പെൺകുട്ടികളെന്ന നിലയിൽ അവരുടെ ദൈവവിളിക്കാവശ്യമായ സൗന്ദര്യത്തിലും പ്രൗഢിയിലും. ആൺ-പെൺ ബന്ധങ്ങളിൽ ഉചിതമായ വ്യത്യാസത്തിലും മാത്രം വളർത്തിയാൽ മതിയാവില്ല. പാപ്പ പറഞ്ഞു. അവർ സഭയിലും സമൂഹത്തിലും പ്രധാനപ്പെട്ട ഉത്തരവാധിത്വങ്ങൾ വഹിക്കാൻ കടപ്പെട്ടവരാണ്. പാപ്പ കൂട്ടിച്ചേർത്തു.

അനുദിന ജീവിതത്തിൽ ക്രിസ്തുവിലുള്ള വിശ്വാസത്തിൽ സന്തോഷത്തോടെ ജീവിക്കുന്നതിനും സ്ത്രീകളെ ഉത്തരവാദിത്വമുള്ളവരും ഉത്സാഹവതികളുമായി മാറ്റുന്നതിൽ വിദ്യാഭ്യാസം ഒഴിച്ചു കൂട്ടാനാവാത്ത പ്രാധാന്യമാണ് വഹിക്കുന്നത്. പാപ്പ കൂട്ടിച്ചേർത്തു. അങ്ങനെ സുവിശേഷത്തിൽ പറയുന്ന പ്രകാരമുള്ള ലോകം സൃഷ്ടിക്കുന്നതിൽ സ്ത്രീകളും പ്രധാന പങ്കു വഹിക്കുന്നു.

ഗൈഡ്സിന്റെ അന്താരാഷ്ട്ര കോൺഫറൻസിൽ സംബന്ധിച്ച പ്രതിനിധികളെ അഭിസംബോധന ചെയ്ത് സംസാരിക്കവെയാണ് പാപ്പ ഇക്കാര്യങ്ങൾ പറയുന്നത്.

ലോകത്തിലെ 49 രാജ്യങ്ങളിലുള്ള കത്തോലിക്കാ പെൺകുട്ടികളുടെ ഗൈഡ്സിനെയും ആൺകുട്ടികളുടെ സ്കൗട്ടിനെയും സംഘടന പിൻതാങ്ങുന്നുണ്ട്. പെൺകുട്ടികളുടെ ഗൈഡ്സ് കോൺഫറൻസിന്റെ 50-ാം വാർഷികത്തിൽ സുവിശേഷത്തിന്റെ സന്തോഷത്തിനുവേണ്ടി സാക്ഷികളായി ജീവിക്കുന്ന എന്ന ആശയത്തെ ആസ്പദമാക്കിയായിരുന്നു കോൺഫറൻസ്.